# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 55 05.06.2018-ൽ മറുപടിക്ക്

## ഹൈഡൽ ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>" പി.കെ.ബഷീർ<br>" പി.ബി. അബ്ദുൽ റസ്സാക്ക്<br>" കെ.എം.ഷാജി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലെ ഡാമുകൾ കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ ആലോചിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ ഡാമുകൾ കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ഏതൊക്കെ ഡാമുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള എല്ലാ ഡാമുകളും കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാനമായും ഇടുക്കി, മാട്ടുപ്പെട്ടി, പൊൻമുടി, കക്കയം, ബാണാസുരസാഗർ, പൊരിങ്ങൽകുത്ത്, ലോവർ മീൻമുട്ടി, ആഢ്യൻപാറ എന്നിവിടങ്ങളിലാണ് ടൂറിസം പ്രവർത്തനങ്ങൾ നടന്നു വരുന്നത്. |
| (സി) | ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ? | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വക ഡാമുകളിലും അതിനോടനുബന്ധിച്ചുള്ള പ്രദേശങ്ങളിലും ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയെന്നതാണ് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ഉദ്ദേശവും ലക്ഷ്യവും. ഡാമുകളോട് ചേർന്ന് പരിസ്ഥിതി സൗഹൃദ പാർക്കുകളും, ബോട്ടിംഗ്, ബട്ടർഫ്ലൈ പാർക്കുകൾ, പൂന്തോട്ടങ്ങൾ എന്നിവ സ്ഥാപിച്ച് പരമാവധി വിനോദസഞ്ചാരികളെ ആകർഷിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് |

Kemalalla

സെക്ഷൻ ഓഫീസർ